പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2267 10.10.2011 ൽ മറുപടിക്ക്

സുരക്ഷാ പരിഷ്കരണ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.എ.റ്റി.ജോർജ്,<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ. വി.എസ്.ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിൽ എന്തെല്ലാം സുരക്ഷാ പരിഷ്കരണ പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള റോഡ് സുരക്ഷാ അതോറിറ്റി, റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ദശകത്തിന്റെ ഭാഗമായി റോഡ് സുരക്ഷാ ബോധവൽക്കരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വിവിധ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നു. |
| (ബി) | വാഹനങ്ങളുടെ ക്രമാതീതമായ വർദ്ധന കണക്കിലെടുത്ത് എൻഫോഴ്സ്മെന്റ് വിംഗ് ശക്തിപ്പെടുത്താൻ നടപടി എടുക്കുമോ; | (ബി) യും (സി) യും | മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കണമെന്നാവശ്യപ്പെട്ട് ഒരു ശുപാർശ ഗതാഗത കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്.. ഇക്കാര്യം പരിശോധിച്ചു വരികയാണ്. |
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ